# ലോക പരിസ്ഥിതിദിനം

**ജൂൺ 5**

**#EcosystemRestoration**

ഈ വർഷത്തെ
ലോക പരിസ്ഥിതിദിനം

## ആവാസവ്യവസ്ഥകളുടെ പുനസ്ഥാപനത്തിന്

REIMAGINE
RECREATE
RESTORE
#GenerationRestoration

WORLD ENVIRONMENT DAY

UN environment programme 50 1972-2022

PAKISTAN 2021

## ലോക പരിസ്ഥിതി ദിനം - ചരിത്രം

- 1972 ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നടന്ന സ്റ്റോക്ക്ഹോം കോൺഫറൻസിൽ ജൂൺ 5 ലോക പരിസ്ഥിതി ദിനം ആയി ആചരിക്കാൻ തീരുമാനമെടുക്കുന്നു.
- 1974 ജൂൺ 5, ആദ്യത്തെ ലോക പരിസ്ഥിതി ദിനം. ആതിഥേയ രാജ്യം: അമേരിക്ക, പ്രമേയം: ഒരേ ഒരു ഭൂമി
- 2011 ഇന്ത്യ ആതിഥേയ രാജ്യമാകുന്നു. പ്രമേയം - വനങ്ങൾ, പ്രകൃതി നമ്മുടെ സമ്പത്ത് (Forests: Nature at your Service)
- 2018 ഇന്ത്യ വീണ്ടും ആതിഥേയ രാജ്യമാകുന്നു. പ്രമേയം - പ്ലാസ്റ്റിക് മലിനീകരണം തടയുക (Beat Plastic Pollution)

## ലോക പരിസ്ഥിതി ദിനം - ചരിത്രം ...

- 2019 ആതിഥേയ രാജ്യം - ചൈന . പ്രമേയം - വായു മലിനീകരണത്തെ തോല്പിക്കുക (Beat air pollution)
- 2020 ആതിഥേയ രാജ്യം - കൊളമ്പിയ .
  പ്രമേയം - പ്രകൃതിയ്ക്കായി ഈ സമയം (Time for Nature)
- 2021 ആതിഥേയ രാജ്യം - പാക്കിസ്ഥാൻ
  പ്രമേയം - പരിസ്ഥിതിയുടെ പുനഃസ്ഥാപനം (Ecosystem restoration)

UNITED NATIONS DECADE ON

# ECOSYSTEM RESTORATION

2021-2030

ആവാസവ്യവസ്ഥകളുടെ
പുനസ്ഥാപനദശകം


പരിസ്ഥിതി ദിനം
2021 ജൂൺ 5
ആവാസ
വ്യവസ്ഥയെന്നാൽ
വിവിധ ജീവിസമൂഹങ്ങളും
അജീവിയഘടകങ്ങളും
പരസ്പര പൂരകമായി
സംയോജിച്ച്
പ്രവർത്തിക്കുന്നതിലൂടെ
സുസ്ഥിരത നേടുന്ന
ഒരു പാരിസ്ഥിതിക
വ്യവസ്ഥയാണ്.
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

# ലോകത്തിലെ എട്ട് പ്രധാന ആവാസവ്യവസ്ഥകൾ




ലോക
പരിസ്ഥിതി
ദിനം 2021

UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030

# 1
# വനങ്ങൾ
forests



ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം

UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030


160
കോടി
ജനങ്ങൾ
കാടിനെ നേരിട്ട്
ആശ്രയിച്ച്
ജീവിക്കുന്നു
ഓരോ
വർഷവും
ഒരു
കോടി
ഹെക്ടർ വനമേഖല
നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു
മാർച്ച് 21
ലോക
വനദിനം
ലൂക്ക

# 1. വനങ്ങൾ

- ഭൂമിയിലെ അതിശയകരമായ ജൈവവൈവിധ്യത്തിന്റെ കലവറ
- കോടിക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗം
- ആഗോളതലത്തിൽ, പ്രതിവർഷം ഏകദേശം 4.7 ദശലക്ഷം ഹെക്ടർ ഉഷ്ണമേഖലാവനം നഷ്ടപ്പെടുന്നു
- തടി വെട്ടൽ, വിറക് മുറിക്കൽ, മലിനീകരണം, അധിനിവേശ കളകൾ, ആക്രമണാത്മക കീടങ്ങൾ, കാട്ടുതീ എന്നിവ മുഖ്യകാരണം
- കാലാവസ്ഥാ വ്യതിയാനം മൂലം കൂടുതൽ വഷളാകുന്ന കാട്ടുതീ വന ആവാസവ്യവസ്ഥകളെ നശിപ്പിക്കും.

# വീണ്ടെടുപ്പിന് നമുക്കെന്ത് ചെയ്യാം ?

- നശിച്ച വനങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് മരങ്ങൾ നട്ടുപിടിപ്പിക്കാം
- നിലവിലുള്ള വനങ്ങളിൽ, വൃക്ഷത്തിന്റെ ആവരണം പുനരുജ്ജീവിപ്പിക്കാം
- അധപതിച്ചതും ഉപയോഗിക്കാത്തതുമായ കൃഷിസ്ഥലങ്ങൾ വന പുനസ്ഥാപനത്തിന് അനുയോജ്യമാണ്
- വന ആവാസവ്യവസ്ഥയുടെ ഭാഗമായ മണ്ണിനെയും ജലസ്രോതസ്സുകളെയും സംരക്ഷിക്കാം


2
കൃഷിസ്ഥലങ്ങൾ
farmlands
ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം
UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030


# 2. കൃഷിസ്ഥലങ്ങൾ

- പതിനായിരം വർഷങ്ങൾക്ക് മുമ്പാണ് മനുഷ്യൻ വനമേഖല വിട്ട് ഈ ആവാസവ്യവസ്ഥയുടെ ഭാഗമാകുന്നത്.
- നൂറ്റാണ്ടുകളുടെ മനുഷ്യപ്രയത്നവും ചാതുര്യവും കൊണ്ട് അടയാളപ്പെടുത്തിയ ഈ ആവാസവ്യവസ്ഥ, നമ്മുടെ സാംസ്കാരിക ഭൂമിക
- ഭൂമിയുടെ മൂന്നിലൊന്നിൽ കൂടുതൽ ഭൂപ്രദേശങ്ങളും കൃഷിസ്ഥലങ്ങളാണ്.
- തീവ്രമായ ഉഴവും, കൃഷിരീതികളും, ഏകവിളതോട്ടങ്ങളും, അമിത കാലിമേച്ചിലും, മരങ്ങളെ മുറിച്ച് മാറ്റുന്നതും, മഴയും കാറ്റും കൊണ്ടുള്ള മണ്ണൊലിപ്പിന് ആക്കം കൂട്ടുകയും വിലയേറിയ മണ്ണ് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.
- ജനപ്പെരുപ്പമാണ് കൃഷിസ്ഥലങ്ങളുടെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകം.
-

# വീണ്ടെടുപ്പിന് നമുക്കെന്ത് ചെയ്യാം ?

- സുസ്ഥിരകൃഷി രീതികളുടെ ഭാഗമായി പ്രകൃതിദത്ത വളങ്ങളുടെ ഉപയോഗവും കീട നിയന്ത്രണവും ഉയർത്തിക്കൊണ്ട് വരണം.
- വിള പരിക്രമണങ്ങളും വൃക്ഷങ്ങൾ ഉൾപ്പെടെ കൂടുതൽ വൈവിധ്യമാർന്ന വിളകൾ വളർത്തുന്നതും കന്നുകാലികളെ വളർത്തുന്നതുമായി സംയോജിപ്പിക്കുന്നതും ജൈവവൈവിധ്യത്തെ പുനസ്ഥാപിക്കാനും കൂടുതൽ പോഷകങ്ങൾ നൽകാനും കഴിയും.
- ഉത്തമകൃഷിരീതികളിലൂടെ ജൈവകാർബൺ സംഭരണവും, സൂക്ഷ്മജീവികളുടെ പ്രവർത്തനവും ത്വരിപ്പിച്ച് മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ഠത നിലനിർത്താനും കഴിയും.


3
ശുദ്ധജല
ആവാസവ്യവസ്ഥകൾ
Lakes and rivers
ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം
UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030



സമുദ്രജലം
ഉപ്പുജലം
97.5%
ശുദ്ധജലം
2.5%
ധ്രുവങ്ങളിലും
മഞ്ഞുപാളികളിലും
79%
ഭൂഗർഭജലം
20%
തടാകങ്ങൾ, കായലുകൾ
നീർത്തടങ്ങൾ
52%
മണ്ണിൽ
38%
നദികളിൽ
ജീവികളിൽ
അന്തരീക്ഷത്തിൽ
ഈർപ്പരൂപത്തിൽ

# 3. ശുദ്ധജല ആവാസ വ്യവസ്ഥകൾ

- കണ്ടൽക്കാടുകൾ, ഉൾനാടൻ തടാകങ്ങൾ, മത്സ്യങ്ങൾ ധാരാളമുള്ള തോടുകളും പുഴകളും, തണ്ണീർത്തടങ്ങളും
- ശുദ്ധജല ആവാസവ്യവസ്ഥകൾ ബഹുസഹസ്രം ജനങ്ങൾക്ക് ഭക്ഷണവും വെള്ളവും ഊർജ്ജവും പ്രദാനം ചെയ്യുന്നു.
- വരൾച്ചയിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നു.
- രാസവസ്തുക്കൾ, പ്ലാസ്റ്റിക്, മലിനജലം എന്നിവയിൽ നിന്നുള്ള മലിനീകരണവും, ജലസേചനം, വൈദ്യുതി ഉൽപാദനം, വ്യവസായം, കുടിവെള്ളം, മത്സ്യബന്ധനം അണക്കെട്ടുകൾ, മണൽ ഖനനം എന്നിവക്കായുള്ള അമിത ചൂഷണം
-

# വീണ്ടെടുപ്പിന് എന്തുചെയ്യണം ?

- എല്ലാ മലിനജലവും സംസ്കരിച്ച് മാത്രമേ പുറത്തേക്ക് ഒഴുക്കാൻ പാടുള്ളു.
- അമിതമായ മീൻപിടുത്തത്തിനും മണൽ ഖനനത്തിനും നിയന്ത്രണം.
- മൽസ്യങ്ങളുടെ സ്വഭാവിക പ്രജനനത്തിന് “ഊത്ത പിടുത്തം” ഒരു കരണവശാലും അനുവദിക്കാൻ പാടില്ല.
- നദീതട ബന്ധം പുനസ്ഥാപിക്കുന്നതിനായി ഡാമുകൾ മികച്ച രീതിയിൽ രൂപകൽപ്പന ചെയ്യാൻ കഴിയണം.


4
പർവതനിരകൾ
mountains
ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം
UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030

# 4. പർവ്വതങ്ങൾ

- ഭൂമിയുടെ കരഭാഗത്തിന്റെ നാലിലൊന്നും പർവതങ്ങൾ കൈവശപ്പെടുത്തിയിരിക്കുകയാണ്!
- ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ  ഭൂരിഭാഗവും പർവത പ്രദേശങ്ങളിലാണ് ഉള്ളത്.
- എകദേശം പകുതിയോളം മനുഷ്യർക്കുള്ള ശുദ്ധജലം നൽകുന്നതും പർവത പ്രദേശങ്ങളാണ്.
- ഹിമ പുള്ളിപ്പുലികൾ, പർവത ഗോറില്ലകൾ എന്നിങ്ങനെയുള്ള അനേകം ജീവജാലങ്ങൾ വസിക്കുന്ന ഇടം കൂടിയാണ് പർവതപ്രദേശങ്ങൾ.
- മനുഷ്യന്റെ സമ്മർദ്ദങ്ങളിൽ നിന്നും കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നുമുള്ള വിവിധങ്ങളായ പ്രശ്നങ്ങൾ
- മണ്ണൊലിപ്പും മലിനീകരണവും താഴേക്ക് ഒഴുകുന്ന ജലത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു.

# വീണ്ടെടുപ്പിന് എന്തുചെയ്യണം ?

- വനവത്കരണം - മണ്ണ് സംരക്ഷിക്കാനും, ജലപ്രവാഹം സംരക്ഷിക്കാനും, പ്രകൃതിദുരന്തങ്ങളായ ഹിമപാതങ്ങൾ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയിൽ നിന്ന് രക്ഷനേടാനും
- നദികളും മറ്റ് ആവാസ വ്യവസ്ഥകളും വിഘടിക്കുന്നത് ഒഴിവാക്കാൻ ഡാമുകളും റോഡുകളും പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശരിയായി ആസൂത്രണം ചെയ്യാൻ കഴിയണം.
- പർവതപ്രദേശങ്ങളിലെ കൃഷിഭൂമിയിൽ കാർഷിക വനവൽക്കരണം (അഗ്രോഫോറസ്ട്രി), കാലാവസ്ഥാ മാറ്റത്തെ ലഘൂകരിക്കും


5
ചുള്ളിക്കാട്, പുൽമേടുകൾ
സാവന്നകൾ
Shrublands, Grasslands and
Savannahs
ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം
UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030


# ചുള്ളിക്കാടുകൾ, പുൽമേടുകൾ, സാവന്നകൾ

- ഭൂമിയിലെ ഏറ്റവും വൈവിധ്യമാർന്ന ആവാസവ്യവസ്ഥ
- വിപുലമായ കന്നുകാലി വളർത്തലിനായി ഇടയന്മാർ ഉപയോഗിക്കുന്ന റേഞ്ച്ലാൻഡുകളുടെ പ്രധാന ഘടകം
- പല തരം മൃഗങ്ങളും, പക്ഷികളും, മറ്റു പ്രാണികളും ഇത്തരം ആവാസവ്യവസ്ഥകളുടെ ഭാഗമാണ്.
- വളരെയധികം കാലിമേച്ചിലും മോശം മാനേജ്മെൻറും ഈ പ്രദേശങ്ങൾ മണ്ണൊലിപ്പിന് വിധേയമാകുന്നതിനും കുറ്റിച്ചെടികളെയും അധിനിവേശസസ്യങ്ങളെയും വേഗത്തിൽ ആക്രമിക്കാൻ അനുവദിക്കുകയും സ്വസ്ഥാന സസ്യങ്ങളെ മാറ്റുകയും ചെയ്യും.
- **പുൽമേടുകളുടെ കേരളത്തിലെ സ്ഥിതി പരിതാപകരമാണ്. 1960-61 ൽ 45,000 ഹെക്ടർ പുൽമേടുകളുണ്ടായിരുന്നു. 2012-13ൽ രേഖപ്പെടുത്തിയത് 118 ഹെക്ടർ, 2018-19 ലെ കണക്ക് പ്രകാരം സ്ഥിരം പുൽമേടുകളേ ഇല്ല!**

# വീണ്ടെടുപ്പിന് എന്തുചെയ്യണം ?

- ഇവ കാർഷിക മേഖലയിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നത് ഒഴിവാക്കുക
- ഉന്മൂലനം ചെയ്യപ്പെട്ട സസ്യജന്തുജാലങ്ങളെ വീണ്ടും പരിചയപ്പെടുത്തുകയും അവയെ വേട്ടയാടലിൽ നിന്നും സംരക്ഷിക്കുകയും ചെയ്യാം.
- ഈ ആവാസവ്യവസ്ഥകളെ സുസ്ഥിരമായി കൈകാര്യം ചെയ്യാനുള്ള പദ്ധതികളിൽ കന്നുകാലി ഉടമകൾക്കും മറ്റ് ഉപയോക്താക്കൾക്കും വലിയ പങ്കുണ്ടായിരിക്കണം.
- പുൽമേടുകളെ ഇഷ്ടപ്പെടുന്ന പക്ഷികൾ പോലുള്ള ജീവജാലങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകളുടെ സംരക്ഷണവും ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതുണ്ട്.
- ജലം, മരം, വന്യജീവികൾ, ധാതുക്കൾ, മറ്റ് വന ഉൽപന്നങ്ങൾ തുടങ്ങിയ


6
സമുദ്രങ്ങളും
തീരങ്ങളും
Oceans and Coasts
ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം
UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030




ലൂക്ക luca.co.in

# 6. സമുദ്രങ്ങളും തീരങ്ങളും

- സമുദ്രങ്ങൾ നമുക്ക് ഭക്ഷണം നൽകുന്നു, കാലാവസ്ഥ നിയന്ത്രിക്കുന്നു, നമ്മൾ ശ്വസിക്കുന്ന ഓക്സിജന്റെ ഭൂരിഭാഗവും ഉത്പാദിപ്പിക്കുന്നു.
- വിനോദ സഞ്ചാരം, മൽസ്യബന്ധനം, തുടങ്ങിയ സമ്പദ്വ്യവസ്ഥയുടെ പ്രധാന മേഖലകളെ അവ സഹായിക്കുന്നു.
- ദശലക്ഷക്കണക്കിന് ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ലോക സമുദ്രങ്ങളിൽ പ്രവേശിക്കുകയും കടൽ പക്ഷികൾ, ആമകൾ, ഞണ്ടുകൾ എന്നിവയുൾപ്പെടെയുള്ള ജീവികളെ ദ്രോഹിക്കുകയും ചെയ്യുന്നു.
- സമുദ്രത്തിലെ വിവിധ ആവാസ വ്യവസ്ഥകളിൽ തിമിംഗലങ്ങൾ മുതൽ പ്ലാങ്ക്ടൺ വരെയുള്ള ജൈവവൈവിധ്യത്തെ ഉൾക്കൊള്ളുന്നു.
- **ലോകത്തെ 80 ശതമാനം മലിനജലവും സംസ്കരണമില്ലാതെ സമുദ്രത്തിലേക്ക് പുറന്തള്ളപ്പെടുന്നുവെന്നാണ് അനുമാനം.**
- കാലാവസ്ഥാ വ്യതിയാനം പവിഴപ്പുറ്റുകളെയും മറ്റ് പ്രധാന പരിസ്ഥിതി വ്യവസ്ഥകളെയും നശിപ്പിക്കുന്നു.
-

# വീണ്ടെടുപ്പിന് എന്തുചെയ്യണം ?

- മലിനീകരണം, കാലാവസ്ഥാ വ്യതിയാനം, അമിത ചൂഷണം എന്നിവയിൽ നിന്ന് സമുദ്ര പരിസ്ഥിതി വ്യവസ്ഥകളെ സംരക്ഷിക്കണം.
- മലിനജലവും മറ്റ് മാലിന്യങ്ങളും ശരിയായി സംസ്കരിക്കാനും പ്ലാസ്റ്റിക് ചവറുകൾ വെള്ളത്തിൽ പ്രവേശിക്കുന്നത് തടയാനും അവർക്ക് കഴിയും.
- മത്സ്യബന്ധനം കൂടുതൽ സുസ്ഥിരമാക്കാൻ സർക്കാരുകൾക്കും സമൂഹങ്ങൾക്കും കഴിയും. “ട്രോളിങ്” നിരോധനമൊക്കെ ഇതിന്റെ ഭാഗമായി കാണണം.
- വളരുന്ന തീരദേശ നഗരങ്ങൾക്കു തീരദേശ പരിസ്ഥിതി വ്യവസ്ഥകളെ സംരക്ഷിക്കേണ്ട ബാധ്യതയുണ്ട്.
- പവിഴപ്പുറ്റുകൾ, കണ്ടൽക്കാടുകൾ, കടൽത്തീരങ്ങൾ എന്നിവ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുകയും സജീവമായി പുന സ്ഥാപിക്കുകയും വേണം.


7
പീറ്റ്ഭൂമി
Peatlands
ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം
UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030

# 7. പീറ്റ് ഭൂമി

- പീറ്റ്ഭൂമി 180 ലധികം രാജ്യങ്ങളിൽ കാണപ്പെടുന്നു.
- ഇവിടെ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ വലിയ തടി ഉൾപ്പെടെയുയുള്ള സസ്യഭാഗങ്ങൾ ഭാഗികമായി അഴുകിയ നിലയിലോ ഒട്ടും അഴുകാതെയോ കാണപ്പെടും.
- കരയുടെ 3 ശതമാനം മാത്രമേ ഉള്ളൂവെങ്കിലും ആകെ മൺകാർബണിന്റെ 30 ശതമാനം ഇവ സംഭരിക്കുന്നു.
- ഇന്ത്യയിൽ കേരളം, അരുണാചൽ, ഹിമാചൽ പ്രദേശ്, സിക്കിം എന്നീ സംസ്ഥാനങ്ങളിൽ പീറ്റ്ഭൂമിയുണ്ട്. കേരളത്തിൽ കുട്ടനാട് പ്രദേശം പീറ്റ്ഭൂമിക്കു ഉദാഹരണമാണ്.
- തീ, അമിതകാലിമേച്ചിൽ, നൈട്രജൻ മലിനീകരണം, ഇന്ധനമായി വേർതിരിച്ചെടുക്കൽ, വളർത്തുമാധ്യമം എന്നിങ്ങനെ ഉപയോഗിക്കുന്നതിനാൽ പീറ്റ്ഭൂമികൾ നശിപ്പിക്കപ്പെടുന്നു.

# പീറ്റ് ഭൂമിയുടെ പ്രാധാന്യം

- **ആഗോള ശരാശരി താപനില 2 ഡിഗ്രി സെൽഷ്യസിനു താഴെയായി നിലനിർത്തുക എന്ന പാരിസ് ഉടമ്പടി ലക്ഷ്യം നേടുന്നതിന് പീറ്റ് ലാൻഡ് കാർബൺ എവിടെയാണോ അവിടെ സൂക്ഷിക്കാൻ അടിയന്തിര നടപടി ആവശ്യമാണ്.**


8
നഗര
പ്രദേശങ്ങൾ
Urban Areas
ആവാസ
വ്യവസ്ഥകളുടെ
പുനസ്ഥാപന
ദശകം
UNITED NATIONS DECADE ON
ECOSYSTEM
RESTORATION
2021-2030

# 8. നഗരപ്രദേശങ്ങൾ

- ഭൂമിയിലെ കരപ്രദേശത്തിന്റെ ഒരു ശതമാനത്തിൽ താഴെയാണ് നഗരപ്രദേശങ്ങളെങ്കിലും ലോകജനസംഖ്യയുടെ പകുതിയിലധികം ഇവിടെയാണ് വസിക്കുന്നത്.
- നഗര ആവാസവ്യവസ്ഥകൾ പ്രവർത്തിക്കുന്നത് നമ്മുടെ വായുവും വെള്ളവും ശുദ്ധമാക്കികൊണ്ടും, ചൂട് കുറച്ചു കൊണ്ടും, സുസ്ഥിരതാ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് വിശ്രമത്തിനും വ്യായാമത്തിനുമുള്ള അവസരങ്ങൾ നൽകിക്കൊണ്ടും, നഗരവാസികളുടെ പൊതുക്ഷേമത്തെ ലാക്കാക്കിയുമാകണം.
- മോശം ആസൂത്രണം വീടുകൾക്കും റോഡുകൾക്കും ഫാക്ടറികൾക്കുമിടയിൽ ഒരുതരത്തിലുമുള്ള സസ്യജാലങ്ങൾക്കും വളർന്ന് വരാനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നില്ല.
- വ്യവസായം, ഗതാഗതം, വീടുകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങളും മലിനീകരണവും ജലപാതകളെയും, മണ്ണിനെയും, വായുവിനെയും മലിനമാക്കുന്നു

# ആവാസ വ്യവസ്ഥ വീണ്ടെടുപ്പിന് എന്തുചെയ്യാം ?

- നഗര പരിസ്ഥിതി ആവാസവ്യവസ്ഥകൾ പുനസ്ഥാപിക്കാൻ പൗരന്മാരുടെയും അധികാരികളുടെയും അവബോധവും പ്രതിബദ്ധതയും ആവശ്യമാണ്.
- ലോകജനങ്ങളിൽ പകുതിയലധികം വസിക്കുന്ന ഇടമെന്ന നിലയിലുള്ള പ്രാധാന്യം തീർച്ചയായും നല്കണം. വീടുകൾക്കും റോഡുകൾക്കും ഫാക്ടറികൾക്കുമിടയിൽ പച്ചതുരുത്തുകൾക്കു സ്ഥലം കണ്ടെത്തണം.
- ബോട്ടാനിക്കൽ ഗാർഡൻ, മൃഗശാല, പാർക്കുകൾ, ബയോളജിക്കൽ പാർക്കുകൾ, പൂന്തോട്ടങ്ങൾ, മിയാവാകി മോഡൽ വനങ്ങൾ, പൂമ്പാറ്റ ഉദ്യാനങ്ങൾ, പാതയോര വൃക്ഷങ്ങൾ, പുൽത്തകിടികൾ എന്നിങ്ങനെ വിവിധങ്ങളായ ഇടപെടലുകൾ ഉണ്ടാവണം. സ്കൂളുകൾ അടക്കമുള്ള പൊതുസ്ഥാപനങ്ങളുടെ പരിസരം ഇത്തരം ഹരിതവൽക്കരണത്തിന് തീർച്ചയായും ഉപയോഗപ്പെടുത്തണം.


ആവാസവ്യവസ്ഥയുടെ
പുനസ്ഥാപനം
പഴയകാലത്തിലേക്കുള്ള
തിരിച്ചുപോക്കല്ല. മറിച്ചു
നമ്മുടെ
വരുംകാലത്തെ
ശാസ്ത്രീയമായി
തയ്യാറാക്കലാണ്.
പരിസ്ഥിതി ദിനം
2021 ജൂൺ 5
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്